ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

വിദ്യാഭ്യാസം - സാങ്കേതികം- ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിംഗ് ശ്രീ അനിൽ കുമാർ റ്റി-യ്ക്ക് സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻറർ, കളമശ്ശേരിയിൽ അസിസ്റ്റൻറ് ടെയിനിങ് ഓഫീസർ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാര്യം (സി) വിഭാഗം

നം.DTETVM/9467/2026-EC3 (EC) **തിരുവനന്തപുരം, തീയതി: 16-11-2026**

വായന:- **1.12/10/2012** ലെ ജി ഓ (പി) **503/2012**/എച്ച്ഇഡിഎൻ നമ്പർ സർക്കാർ ഉത്തരവ്.

2. 15.10.2026 ലെ **DTETVM/6432/2026-EG3(EG)** നമ്പർ മുൻഗണനാ പട്ടിക.

ഉത്തരവ്

ഈ വകുപ്പിലെ, കളമശ്ശേരി സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻററിൽ അസിസ്റ്റൻറ് ടെയിനിങ് ഓഫീസർ തസ്തികയിലേക്ക്, ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ്/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1/ വർക്ഷോപ് ഫോർമാൻ എന്നീ തസ്തികകളിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ്/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1/വർക്ഷോപ് ഫോർമാൻ എന്നീ തസ്തികകളിലെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും ചുവടെ പറയുന്ന ഉദ്യോഗസ്ഥനെ **43400-91200**/- രൂപ ശമ്പള സ്കെയിലിൽ, സുപ്പർവൈസറി ഡവലപ്പ്മെൻറ് സെൻറർ, കളമശ്ശേരിയിൽ അസിസ്റ്റൻറ് ടെയിനിങ് ഓഫീസർ തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ക്രമ നമ്പർ	മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ	പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം	തസ്തിക മാറ്റം നല്കി നിയമിക്കുന്ന സ്ഥാപനം
1	2	ശ്രീ അനിൽ കുമാർ റ്റി, ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ്, ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, കാവാലം - **PEN: 171679**	അസിസ്റ്റൻറ് ടെയിനിങ് ഓഫീസർ സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻറർ, കളമശ്ശേരി (തുറന്ന ഒഴിവ്)

തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻറെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്. അയോഗ്യമാണെന്ന് കണ്ടെത്തിയാൽ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.

ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ANI ABRAHAM

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

· ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക്/ ഉദ്യോഗസ്ഥന് (ഡി.റ്റി.ഇ.ഔദ്യോഗിക വെബ് സൈറ്റ് മുഖേന)

Digitally signed by
ANI ABRAHAM
Date: 16-11-2026
20:48:23